# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2476        19.06.2013-ൽ മറുപടിക്ക്**

**തിരുവനന്തപുരം നഗരത്തിലെ സീവേജ് സംവിധാനം**

**ചോദ്യം**

ശ്രീ.വി.ശിവൻകുട്ടി

തിരുവനന്തപുരം നഗരത്തിൽ ഇപ്പോൾ സ്വിവേജ് സംവിധാനം ഉള്ളതും ഇല്ലാത്തതുമായ വാർഡുകൾ ഏതൊക്കെയാണെന്നും പ്രസ്തുത സംവിധാനം ഇല്ലാത്ത വാർഡുകളിൽ ആയത് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ എന്നത്തേക്ക് പ്രസ്തുത പ്രവൃത്തി ആരംഭിക്കാനാകും എന്നും വിശദമാക്കാമോ ?

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

തിരുവനന്തപുരം നഗര പരിധിയിൽ സീവേജ് സംവിധാനമുള്ള വാർഡുകൾ ചുവടെ ചേർക്കുന്നു.

പട്ടം, കുന്നുകുഴി, പാളയം, കരമന, തൈക്കാട്, പൂജപ്പുര, വലിയശാല, ആറന്നൂർ, മുടവൻമുഗൾ(ഭാഗികം), കമലേശ്വരം (ഭാഗികം) കളിപ്പാൻകുളം(ഭാഗികം) ചാല, മണക്കാട്, കര്യാത്തി, ശ്രീവരാഹം, ഫോർട്ട്, തമ്പാനൂർ, വഞ്ചിയൂർ, പേട്ട, ശ്രീകണ്ഠേശ്വരം, പെരിന്താന്നി, പേരൂർക്കട (ഭാഗികം), പാൽക്കുളങ്ങര (ഭാഗികം), കേശവദാസപുരം (ഭാഗികം), നന്ദൻ കോട്, ഉള്ളൂർ (ഭാഗികം) മുട്ടട (ഭാഗികം), മെഡിക്കൽ കോളേജ് (ഭാഗികം) കവടിയാർ, കുറവൻ കോണം, പാങ്ങോട്(ഭാഗികം) വട്ടിയൂർക്കാവ്(ഭാഗികം) നെട്ടംകാട് (ഭാഗികം), തിരുമല(ഭാഗികം) കണ്ണമ്മൂല,ശാസ്തമംഗലം, പുന്നയ്ക്കാമുഗൾ (ഭാഗികം). JNNURM പദ്ധതി-2009 പ്രകാരം സ്വീവറേജ് സംവിധാനം സ്ഥാപിക്കാൻ അംഗീകാരം നൽകിയത് 42 വാർഡുകൾക്കാണ്. അവ ബ്ലോക്ക് F മുതൽ P വരെയും ആറ്റുകാൽ ടൗൺഷിപ്പും ആകുന്നു

എന്നാൽ സ്ഥലമെടുക്കുന്നതിലുണ്ടായ കാലതാമസം കൊണ്ടും മറ്റു

വിവിധ സാങ്കേതിക കാരണങ്ങൾ കൊണ്ടും ഈ പദ്ധതി നാളിതുവരെ നടപ്പായിട്ടില്ല. വിവിധ കാലങ്ങളിലായി 4 പ്രാവശ്യം ടെണ്ടർ വിളിച്ച വിവിധ പാക്കേജുകൾക്ക് ആവശ്യമായ ടെണ്ടർ ലഭിക്കാത്തത്, കരാറുകാർക്ക് യോഗ്യത പോരാത്തത്, അധിക തുക ക്വാട്ട് ചെയ്തത്, ടെണ്ടർ അനുമതി ലഭിക്കാത്തത് തുടങ്ങിയ വിവിധ കാരണങ്ങളാൽ പ്രവൃത്തി തുടങ്ങുവാൻ നാളിതുവരെ സാധിച്ചിട്ടില്ല. 2014 മാർച്ചിൽ JNNURM പദ്ധതിയുടെ കാലാവധി പൂർത്തിയാകും. അങ്ങനെ യാണെങ്കിൽ ഈ കാലയളവിൽ പദ്ധതി നടപ്പിലാക്കുവാൻ കഴിയില്ല. ടി പദ്ധതി, ജൻറം, അടുത്ത ഘട്ടത്തിലേയ്ക്ക് സമർപ്പിച്ച് അംഗീകാരം കിട്ടിയാൽ മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. പദ്ധതിക്കുവേണ്ടി പമ്പിംഗ് സ്റ്റേഷന്റെ സ്ഥലമെടുപ്പ് ഏകദേശം പൂർത്തിയായി.

തിരുവനന്തപുരം നഗരസഭയുടെ ബാക്കി വരുന്ന 16 (പതിനാറ്) വാർഡുകളിൽ സീവേജ് പദ്ധതി ഒന്നും നിലവിലില്ല

സെക്ഷൻ ഓഫീസർ